പേരിൽ പുതുക്കി മാറ്റി അനുവദിക്കുകയും ചെയ്തു. ടിയാൻ 26-4-2000-ൽ മരണപ്പെട്ടു. ഈ പാട്ടഭൂമി പിന്നീട് ആർക്കും അനുവദിച്ചിട്ടില്ല. ഇപ്രകാരം മരണപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്ക് പട്ടം പുതുക്കി നൽകുന്നതിന് നിലവിൽ വ്യവസ്ഥയുമില്ല. ഈ സാഹചര്യത്തിലും 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ടിലെ വ്യവസ്ഥകൾ പ്രകാരവും ടി വനഭൂമി അനധികൃതമായി ഇപ്പോൾ കൈവശം വച്ചു വരുന്നവരിൽ നിന്നും തിരികെ സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിനാണ് നടപടികൾ സ്വീകരിച്ചുവരുന്നത്.

മറയൂർ ഫോറസ്റ്റ് ഡിവിഷനിൽ ഗാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി

246(953) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറയൂർ ഫോറസ്റ്റ് ഡിവിഷനിൽ എത്ര റെയ്ഞ്ചർമാർ ജോലി നോക്കുന്നു ; ഇവർക്കുകീഴിൽ എത്ര ഫോറസ്റ്റ് ഗാർഡുകളും ഫോറസ്റ്റർമാരുമുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിൽ ഫോറസ്റ്റർമാരുടെയോ ഫോറസ്റ്റ് ഗാർഡുമാരുടെയോ ഒഴിവുകൾ മറയൂർ ഡിവിഷനിൽ നികത്തപ്പെടാതെ കിടക്കുന്നുണ്ടോ ;

(സി) ചന്ദനക്കാടുകൾ നിറഞ്ഞ ഈ പ്രദേശത്തിന്റെ സംരക്ഷണത്തിന് കുറഞ്ഞത് എത്ര ഗാർഡുകൾ വേണം എന്ന് വിലയിരുത്തിയിട്ടുണ്ടോ ; ഇവിടെ ഗാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ ആലോചിക്കുമോ ;

(ഡി) ചിന്നാർ ചെക്ക്പോസ്റ്റിൽ ഇപ്പോൾ എത്രപേർ ജോലി നോക്കുന്നുണ്ട് ; തസ്തിക തിരിച്ച് എണ്ണം വെളിപ്പെടുത്തുമോ ; ഉദ്യോഗസ്ഥരുടെ അപര്യാപ്തതയുണ്ടെങ്കിൽ അടിയന്തരമായി ഇതു പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) മൂന്ന് റെയിഞ്ചർമാർ ജോലിനോക്കുന്നുണ്ട്. ഇവരുടെ കീഴിൽ 15 ഫോറസ്റ്റർമാരും 52 ഫോറസ്റ്റ് ഗാർഡുമാരും ജോലിചെയ്യുന്നുണ്ട്.

(ബി) നിലവിൽ ഫോറസ്റ്ററുടെ ഒഴിവില്ല. ഫോറസ്റ്റു ഗാർഡുമാരുടെ 5 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിലേക്ക് മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(സി) മറയൂർ ചന്ദന ഡിവിഷനിൽ 70 ഫോറസ്റ്റ് ഗാർഡുമാരെ ആവശ്യമുണ്ടെന്ന് കാണിച്ച് മറയൂർ ഡിവിഷണൽ ഫോറസ്റ്റാഫീസർ 12-1-2011-ലെ ഇ1-3209/2010 പ്രകാരം ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ നിലവിലുള്ള പ്രൊട്ടക്ഷൻ യൂണിറ്റുകളുടെ എണ്ണം കൂറച്ച് നിലവിൽ ലഭ്യമായ സ്റ്റാഫിനെ ശാസ്ത്രീയമായി വിവിധ ജോലികൾക്ക് നിയോഗിക്കുന്നതിനുള്ള സാദ്ധ്യത പഠിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചിന്നാർ ചെക്ക് പോസ്റ്റിൽ നാലുപേർ ജോലി നോക്കുന്നുണ്ട്. അവരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

ഫോറസ്റ്റർ	-	1
ഫോറസ്റ്റ് ഗാർഡ്	-	3

നിലവിൽ ചെക്ക്പോസ്റ്റിൽ സ്റ്റാഫിന്റെ അപര്യാപ്തത ഇല്ല.

മാങ്കുളം ഇന്റർപ്രട്ടേഷൻ സെന്ററിന്റെ കെട്ടിടം

247(964) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യത്തിന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാങ്കുളം ഇന്റർപ്രട്ടേഷൻ സെന്ററിന്റെ കെട്ടിടം എന്ന് പൂർത്തിയാക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ; ജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ ഇത് തുറക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

മാങ്കുളം ഡിവിഷന്റെ വിരിപാറയിൽ നേച്ചർ എഡ്യൂക്കേഷൻ ആന്റ് ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 2011 ഫെബ്രുവരിയിൽ തന്നെ ആയത് പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എം. എൻ. ലക്ഷംവീട് പദ്ധതി

248(955) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എം.എൻ. ലക്ഷംവീട് നിർമ്മാണത്തിന് വീട് ഒന്നിന് ജനറൽ വിഭാഗത്തിലും, എസ്.സി. വിഭാഗത്തിലും സർക്കാർ അനുവദിക്കുന്ന വിഹിതവും, ഇതര ഏജൻസികൾ അനുവദിക്കുന്ന വിഹിതവും എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതുപ്രകാരം ഒരു വീടിന്റെ നിർമ്മാണത്തിന് പരമാവധി വിനിയോഗിക്കാവുന്ന തുക ജനറൽ വിഭാഗത്തിലും, എസ്.സി. വിഭാഗത്തിലും എത്രയെന്ന് വെളിപ്പെടുത്തുമോ ;

(സി) കെട്ടിട സാമഗ്രികളുടെ വില, ലേബർ ചാർജ്ജ് എന്നിവ വർദ്ധിച്ചത് കാരണം സർക്കാർ നിശ്ചയിച്ച തുകയ്ക്ക് എംഎൻ. ലക്ഷംവീട് പൂർത്തീകരിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ :

LIBRARY ARCHIVES Kerala Legislative Assembly